**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3308** **25-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമി വീണ്ടെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്റഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമവിരുദ്ധമായി സർക്കാർ ഭൂമി കൈവശം വയ്ക്കുകയോ കയ്യേറുകയോ ചെയ്തിട്ടുള്ള വൻകിട തോട്ടമുടമകളിൽ നിന്നും പ്രസ്തുത ഭൂമി തിരിച്ച് പിടിച്ചെടുത്തിട്ടുണ്ടോ; | (എ) | ഇല്ല. നിയമവിരുദ്ധമായി വൻകിട തോട്ടമുടമകൾ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമിയിന്മേൽ സർക്കാർ ഉടമസ്ഥത സ്ഥാപിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട സിവിൽ കോടതികളിൽ സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി കൊണ്ട് സ.ഉ (കൈ) 172/2019/റവ തീയതി 06.06.2019 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിവിൽ കേസ് ഫയൽ ചെയ്യുന്ന നടപടി ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇപ്രകാരം പിടിച്ചെടുത്ത ഭൂമി പൊതു ആവശ്യത്തിനും ഭൂരഹിതർക്കും വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സ.ഉ (കൈ) 172/2019/റവ തീയതി 06.06.2019 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട സിവിൽ കോടതികളിൽ സിവിൽ കേസ് ഫയൽ ചെയ്യുന്ന നടപടി തുടർന്നു വരുന്നു. ടി കേസുകളിൽ അന്തിമ തീർപ്പ് ആയിട്ടില്ലാത്തതിനാൽ ടി ചോദ്യത്തിന് ഉന്നയിച്ചിട്ടുള്ളതു പോലെ ഭൂമി പൊതു ആവശ്യത്തിനു ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടി ഇപ്പോൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭൂസംരക്ഷണം – ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി, ബഹു.ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, സർക്കാർ, സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്നതിനും നിബന്ധനകൾക്കു വിധേയമായി കരം സ്വീകരിക്കുന്നതിനും റിപ്ലാന്റേഷനുവേണ്ടി പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(എ) വകുപ്പ്

**സ.ഉ.(കൈ) നം.172/2019/റവ.** തീയതി,തിരുവനന്തപുരം, 06/06/2019

പരാമർശം:-1. ഹാരിസൺസ് മലയാളം ലിമിറ്റഡ് ഭൂമി സംബന്ധിച്ച് അന്വേഷണം നടത്തിയ ഉന്നതാധികാരി സമിതിയുടെ 27.9.2007-ലെ റിപ്പോർട്ട്.

2. ഉന്നതാധികാരി സമിതിയുടെ റിപ്പോർട്ടിൻമേൽ റിട്ട. ഹൈക്കോടതി ജസ്റ്റിസ് ശ്രീ. എൽ. മനോഹരൻ 27.6.2008 ൽ നൽകിയ നിയമോപദേശം.

3. 10.9.2009 ലെ ജി.ഒ(ആർ.റ്റി) 3197/2009/ആർ.ഡി നമ്പർ ഉത്തരവ് മുഖേന രൂപകരിച്ച സ്പെഷ്യൽ ടീം 06.01.2010 ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്

4. 28.2.2013 ലെ ഡബ്ല്യു പി(സി) -14251/2012, 213/2013 എന്നീ കേസ്സുകളിലെ വിധിന്യായം

5. 25.4.2013 ലെ ജി.ഒ(എം.എസ്സ്)161/2013/ആർ.ഡി നമ്പർ ഉത്തരവ്

6. 3.12.2014ലെഡബ്ല്യൂ.പി(സി)-30955/2013,01.06.2015ലെഡബ്ല്യൂ.എ 586/2015 നമ്പർ കേസുകളിലെ വിധിന്യായം.

7. 9.12.2014 -ലെ സ.ഉ.(സാധാ)6359/2014/റവ നമ്പർ ഉത്തരവ്

8. 30.12.2015 ലെ ജി.ഒ(എം.എസ്) 703/2015/ആർ.ഡി നമ്പർ ഉത്തരവ്

9. സ്പെഷ്യൽ ഓഫീസർ & കളക്ടർ 4.6.2016 ൽ സമർപ്പിച്ച റിപ്പോർട്ട്

10. 25.10.2016 ലെ ഡബ്ല്യു.പി.(സി)–10640/15 നമ്പർ കേസ്സിലെ ഐ.എ – 10695/16,10697/16 എന്നിവയിലെ വിധിന്യായം

11. ഡബ്ല്യുപി(സി)–33122/14,7711/13,8437/16,1386/13,14913/1310640/13,5510/15 10962/15, 10320/15, 11598/15എന്നീ കേസുകളിലെ11.4.2018 ലെ വിധിന്യായം.

12. എസ്.എൽ.പി (സി) 24028/18 മുതൽ 24035/18 വരെയുള്ള അപ്പീലുകളിലെ 17.09.2018 ലെ വിധിന്യായം.

13. 30.10.2018 ലെ ഡബ്യു.പി (സി)–38958/2015, 7241/2018, 16876/18 എന്നീ കേസുകളിലെ വിധിന്യായം.

14. 14.9.2018 ലെ ഡബ്ല്യു പി.(സി) 29182/15, 29283/2015, 10014/2016, എന്നീ കേസുകളിലെ വിധിന്യായം.

15. 07.11.2018–ലെ ഡബ്ല്യു പി.(സി) 26798/16, 33519/16, 40002/16, 40973/16, 11275/17, 12968/17, 18023/17,എന്നീ കേസുകളിലെ വിധിന്യായം.

ഉത്തരവ്

സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരൻമാർക്കും, തദ്ദേശീയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും, ഗ്രാന്റായും നൽകിയ ഭൂമിയിലും, സ്വകാര്യ പാട്ട ഭൂമിയിലും യാതൊരുവിധ ഉടമസ്ഥതയും സ്ഥാപിക്കാതെ 1984ൽ നിലവിൽ വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് 1985, 2004, 2005 വർഷങ്ങളിൽ ആയിരക്കണക്കിനേക്കർ ഭൂമി വൻകിടക്കാർക്ക് വിൽപ്പന നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ഉന്നതാധികാര സമതി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ഹാരിസൺസ് കമ്പനിയും, അവരിൽ നിന്നും ഭൂമി നേടിയവരും കൂടി 76,769.80 ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. ഉന്നതാധികാര സമിതിയുടെ ശുപാർശകൾ പരിശോധിച്ച് സർക്കാരിന് നിയമോപദേശം നൽകുന്നതിനായി ചുമതലപ്പെടുത്തിയ കമ്മീഷൻ, ഭൂപരിഷ്കരണ നിയമം, സർക്കാർ ഉടമ്പടികളിലെ വ്യവസ്ഥകൾ എന്നിവ ലംഘിച്ച് അനധികൃതമായി ഹാരിസൺ കമ്പനിയും മറ്റുള്ളവരും യാതൊരുവിധ ഉടമസ്ഥതയും കൂടാതെ സർക്കാർ ഭൂമി കയ്യേറിയിട്ടുണ്ടെന്ന ഉന്നതാധികാര സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാമെന്ന് സർക്കാരിന് നിയമോപദേശം നൽകുകയുണ്ടായി.

3. ഹാരിസൺ കമ്പനിയും, അവരിൽ നിന്ന് ഭൂമി നേടിയ മറ്റുള്ളവരുടെയും കൈവശരേഖകളും, റവന്യൂ രേഖകളും പരിശോധിക്കുന്നതിനു ചുമതലപ്പെടുത്തിയ സ്പെഷ്യൽ ടീം സമർപ്പിച്ച റിപ്പോർട്ടിൽ റവന്യൂ രേഖകളിൽ വൻതോതിൽ കൃത്രിമം നടത്തിയിട്ടുള്ളതായും, കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി അനധികൃതമായി ടി കമ്പനിയും, മറ്റുള്ളവരും കൈവശംവയ്ക്കുന്നതായും മറ്റ് ഇംഗ്ലീഷ് കമ്പനികളുടെയും, പൗരൻമാരുടെയും പേരുകളിൽ തണ്ടപ്പേർ പിടിച്ച് നിലവിലെ കമ്പനികൾ ഭൂനികുതി ഒടുക്കു വരുത്തുന്നതായും കണ്ടെത്തി റിപ്പോർട്ടു ചെയ്യുകയുണ്ടായി.

4. ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയവരായ മറ്റ് കയ്യേറ്റക്കാരിൽ നിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി 1957 ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത റിട്ട് ഹർജികൾ തീർപ്പാക്കിയ പരാമർശം 4 ലെ വിധിന്യായത്തിൽ, 1963 ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം താലൂക്ക് ലാൻഡ് ബോർഡുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൈവശ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കലല്ലെന്ന് നിരീക്ഷിക്കുകയും, ഹാരിസൺ കമ്പനിയും മറ്റുള്ളവരും കൈവശം വയ്ക്കുന്ന ഭൂമി സർക്കാർ ഭൂമിയാണെന്നുള്ള വാദത്തിൽ സർക്കാർ ഉറച്ചു നിൽക്കുകയും ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനായി അധികാരപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും നിയമാനുസരണം നോട്ടീസ് നൽകി ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുവാൻ നിശ്ചയിക്കുകയും ചെയ്താൽ അപ്രകാരമുള്ള നിയമാനുസൃതമായ നടപടിയുമായി മുൻപോട്ട് പോകാവുന്നതാണെന്ന് നിർദ്ദേശിക്കയുണ്ടായി.

5. സംസ്ഥാനത്ത് 8 ജില്ലകളിൽ ഹാരിസൺ മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15 ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി സ്പെഷ്യൽ ഓഫീസറെ പരാമർശം 5 ലെ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി.

6. കമ്പനികൾ ഹാജരാക്കിയ രേഖകൾ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ പര്യാപ്തമല്ലാതിരുന്നതിനാലും രേഖകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനാലും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈമാറുകയും വിൽക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഹാരിസൺ മലയാളം ലിമിറ്റഡും മറ്റ കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് കെ.എൽ.സി ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

7. ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തിലുള്ളതും മറ്റുള്ളവർക്ക് കൈമാറിയതുമായ ഭൂമിയും സംബന്ധിച്ച് വിവിധ കേസുകൾ നിലനിന്നിരുന്നതിനാൽ തോട്ടങ്ങളിലെ മരങ്ങൾ സർക്കാരിന്റെ അനുവാദം കൂടാതെ മുറിച്ച് മാറ്റുന്നത് പരാമർശം

7 ലെ ഉത്തരവ് പ്രകാരം നിരോധിച്ചിരുന്നു.

8. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ഫയൽ ചെയ്ത വിവിധ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കികൊണ്ട് പുറപ്പെടുവിച്ച പരാമർശം 13 ലെ വിധിന്യയത്തിൽ കെ.എൽ.സി ആക്ട് പ്രകാരം നിയോഗിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർക്ക് കേസുകൾക്ക് ആധാരമായ ഭൂമിയിലെ കൈവശക്കാർ ഹാജരാക്കിയ രേഖകളും, റവന്യു രേഖകളും ഒറ്റയടിക്ക് റദ്ദു ചെയ്ത്, ഭൂമി സർക്കാരിന്റെതാണെന്ന് സ്ഥാപിക്കുന്നതിനുള്ള അധികാരമില്ല എന്ന് പ്രഖ്യപിച്ചുകൊണ്ട്, സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദു ചെയ്യുകയുണ്ടായി. ഭൂമിയിൽ തങ്ങൾക്കുള്ള ഉടമസ്ഥത പ്രഖ്യാപിക്കുവാൻ പരാതിക്കാർ ബഹു.ഹൈക്കോടതിയോട് അഭ്യർത്ഥിച്ചുവെങ്കിലും, ഭരണഘടനയുടെ ആർട്ടിക്കിൾ 226 പ്രകാരം ഫയൽ ചെയ്ത റിട്ടുകളിൽ ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കുന്നതിനുള്ള അധികാരം നിലവിലെ കേസുകളിൽ കോടതിക്കില്ലെന്നും, സ്പെഷ്യൽ ഓഫീസറുടെ അധികാരം മാത്രമാണ് കോടതി പരിശോധിക്കുന്നതെന്നും ഉടമസ്ഥാവകാശം തെളിയിക്കേണ്ടത് സിവിൽ കോടതിയിലാണെന്നതിനാൽ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥയും, അവകാശവും സ്ഥാപിക്കുന്നതിനായി സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാമെന്നും നിർദ്ദേശിക്കുകയുണ്ടായി.

9. ടി വിധിക്കെതിരെ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ 17.09.2018-ൽ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു. സുപ്രീംകോടതി തള്ളുകയുണ്ടായി. 11.4.2018 ലെ വിധിന്യായത്തെതുടർന്ന്, തോട്ടം ഉടമകൾ കരം അടച്ചുകിട്ടുന്നതിനായി ഫയൽ ചെയ്തിരുന്ന പരാമർശം 13 മുതൽ 15വരെയുള്ള വിവിധ കേസുകളിൽ ബഹു.ഡിവിഷൻ ബഞ്ചിന്റെ വിധിയെ അടിസ്ഥാനമാക്കി സർക്കാർ, ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നതിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും പ്രസ്തുത കേസിലെ അഡ്ജ്യൂഡിക്കേഷനു വിധേയമായി കരം സ്വീകരിക്കണമെന്നുമുള്ള വിധികളാണ് ബഹു ഹൈക്കോടതി സിംഗിൾ ബഞ്ചുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

10 സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയുടെയും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനും അതിന് അവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുന്നു.

II. ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്നു ഭൂമിനേടിയ മറ്റുള്ളവരുടെയും മറ്റ സമാന കമ്പനികളുടെയും കേസുകളിലെ ബഹു.ഹൈക്കോടതി വിധികളുടെ പശ്ചാത്തലത്തിൽ, റവന്യൂ ഉദ്യോഗസ്ഥൻമാർക്കും വില്ലേജ് ഓഫീസർമാർക്കും കേരള ലാന്റ് ടാക്സ് ആക്ട് പ്രകാരം "ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ വിധിക്കു വിധേയം" എന്ന വ്യവസ്ഥയോടെ ഭൂമിയുടെ കരം സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

III. റീപ്ലാന്റ് ചെയ്യുന്നതിനായി പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നു.

11. ബന്ധപ്പെട്ട ജില്ലാകളക്ടർമാർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
**പ്രിന്സിപ്പല് സെക്രട്ടറി**

1. അഡ്വക്കേറ്റ് ജനറൽ , കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
3. സെക്രട്ടറി ലാന്റ് ബോർഡ്, തിരുവനന്തപുരം
4. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റസ് (പ്രൊട്ടക്ഷൻ), തിരുവനന്തപുരം.
5. ഡയറക്ടർ, സർവ്വേ & ലാന്റ് റെക്കോർഡ്സ്, തിരുവനന്തപുരം
6. ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, ഓഫീസ് ഓഫ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, വഞ്ചിയൂർ, തിരുവനന്തപുരം.
7. സ്റ്റേറ്റ് സ്പെഷ്യൽഓഫീസർ &കളക്ടർ,ഗവ. ലാൻഡ് റിസംപ് ഷൻ,തിരുവനന്തപുരം
8. ജില്ലാ കളക്ടർ (കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, –വയനാട്)
9. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
10. ഡയറക്ടർ, ആർക്കൈവ്സ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
11. നിയമ വകുപ്പ്(29.01.2019 ലെ No. 10/LS/2019 Law – കുറിപ്പ് ഫയൽ പ്രകാരം
12. പൊതുഭരണ ( എസ്. സി) വകുപ്പ്( 29.05.19 ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പ് ഇനം 3049 )
13. ആഭ്യന്തര വകുപ്പ്/ വനം വകുപ്പ്/ നികുതി വകുപ്പ്

14. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
15. റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകൾക്ക്
16. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ